പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 5 — 10.06.2013 ൽ മറുപടിക്ക്

## പോലീസ് വകുപ്പിലെ സേവനാവകാശ നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) പോലീസ് വകുപ്പിൽ സേവനാവകാശ നിയമം നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത നിയമം വഴി പൊതുജനങ്ങൾക്ക് ലഭിക്കുന്നത്; | (ബി) സേവനാവകാശ നിയമം വഴി പോലീസ് വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. മൈക്ക് ഉപയോഗിക്കുന്നതിനുള്ള അനുവാദം.<br>2. പ്രൊസഷനുകൾ നടത്തുന്നതിനുള്ള അനുവാദം<br>3. പാസ്പോർട്ട് അന്വേഷണം<br>4. പരാതി അന്വേഷണം.<br>5. പരാതികൾക്ക് കൈപ്പറ്റ് രസീത് നൽകുന്നത്<br>6. എഫ്.ഐ.ആറിന്റെ പകർപ്പ് നൽകുന്നത്<br>7. പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് നൽകുന്നത്<br>8. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുന്നത്<br>9. ആയുധങ്ങളും സ്ഫോടക വസ്തുക്കളും സംബന്ധിച്ച ലൈസൻസുകൾ നൽകുന്നത്.<br>10. ജോലി സംബന്ധമായ വെരിഫിക്കേഷൻ.<br>11. വിദേശികളുടെ രജിസ്ട്രേഷൻ |

12. കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ നടപടി ക്രമങ്ങൾ പൂർത്തിയാക്കി വിട്ടുകൊടുക്കുന്നത്.
13. സമൻസുകൾ നൽകുന്നതും വാറണ്ടുകൾ നടപ്പിലാക്കുന്നതും.
14. പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികളിന്മേലുള്ള അന്വേഷണം.

(സി) പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്;

(ഡി) ഇതു സംബന്ധിച്ചു വേണ്ടത്ര പ്രചാരണം നൽകുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

(സി) യും (ഡി) യും: നിലവിലുള്ള സംവിധാനത്തിൽ നിന്നുകൊണ്ട് നിയമം കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്. ഓരോ സേവനങ്ങൾക്കും നിശ്ചിത സമയപരിധി ഏർപ്പെടുത്തിയിട്ടുള്ളതും ഈ കാലയളവിൽ സേവനം ലഭ്യമാകാതെ വന്നാൽ ബന്ധപ്പെട്ട അധികാരികൾക്ക് അപ്പീൽ നൽകുന്നതിനുമുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ, ആദ്യ അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവരുടെ പേരുവിവരം എല്ലാ യൂണിറ്റ് ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ വ്യാപക പ്രചാരണത്തിനായി നിയമം സർക്കാർ ഗസറ്റിലും കേരളപോലീസിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

Josphuts

സെക്ഷൻ ഓഫീസർ